# നഷ്ടസ്വർഗ്ഗത്തിന്റെ വീണ്ടെടുപ്പ്

–ഡോ. പി. സുരേഷ്, ജി.വി.എച്ച്.എസ്.എസ്.അത്തോളി

അമ്മയെ അന്നമാക്കി വളർന്നവരാണ് ഭൂമുഖത്തെ എല്ലാ മക്കളും. 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിൽ ഇടശ്ശേരി എഴുതുന്നതു നോക്കുക:

'അമ്മമാരുടെ മുഗ്ദ്ധതകൾക്കി
    ങ്ങവസിതിയുണ്ടോ ഭുവനത്തിൽ
തന്നെത്തന്നെ തീറ്റകൊടുത്തുവർ
    പോറ്റിയെടുപ്പീലാരാരെ?'

അവസാനമില്ലാത്ത ആ മാതൃസ്നേഹത്തിന്റെ ഊഷ്മളസാന്നിധ്യമാണ് മാനവസംസ്കാരത്തിന്റെ ഊർജ്ജപ്രവാഹം.

സ്നേഹവാത്സല്യങ്ങളുടെ സ്വർണ്ണനൂലുകളാൽ ഇഴനെയ്ത തൊട്ടിലിൽ കിടന്നുകൊണ്ടാണ് നാമോരോരുത്തരും ഈ പ്രപഞ്ചതാളം ആദ്യമായി തൊട്ടറിഞ്ഞത്. അമ്മയുടെ സ്വപ്നങ്ങളും നിശ്വാസവും ശ്രുതിയിട്ട താരാട്ടിൽനിന്നാണ് ഭൂമുഖത്തെ ഏറ്റവും അമൂല്യമായ സംഗീതം നാം കേട്ടത്.

എന്നിട്ടും അവൾക്ക് നാം തിരിച്ചു നൽകുന്നതെന്താണ്?

മക്കൾ കുളിമുറിയിലടച്ചിട്ട് പുഴുവരിച്ച്കിടക്കുന്ന അമ്മയും മാതാപിതാക്കളുടെ ക്രൂരപീഡനങ്ങളാൽ തലതകർന്നു മരിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളും പത്രത്താളുകളിൽനിന്ന് നിലവിളിക്കുന്ന ഈ കെട്ട കാലത്ത്, മാതൃത്വവും വാത്സല്യവും എത്രമേൽ സുഗന്ധംപരത്തുന്ന മൂല്യങ്ങളാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ചെറുകഥയാണ് കെ.പി.രാമനുണ്ണിയുടെ 'ശസ്ത്രക്രിയ'

തന്റെ മകനെ തട്ടിയെടുത്ത പൂതത്തിനു സ്വന്തം കണ്ണുകൾ ചൂഴ്ന്നെടുത്ത് സമർപ്പിച്ച് 'ഇതിലും വലിയതാണെന്റെ പൊന്നോമന' എന്ന് ഉൾക്കൂറോടെ പറഞ്ഞ 'പൂതപ്പാട്ടി'ലെ അമ്മയെ കേരളീയർക്കു പരിചയമുണ്ടല്ലോ. അമ്മയോടുള്ള വീടാക്കടമാണ് എല്ലാ മക്കളുടെയും ജന്മമെന്നും ഇടശ്ശേരി നിരീക്ഷിച്ചിട്ടുണ്ട്.

പുത്രസ്നേഹത്തിന്റെ മറ്റൊരു വിതാനമാണ് ശസ്ത്രക്രിയ ആവിഷ്കരിക്കുന്നത്.

ഗർഭപാത്രം നീക്കംചെയ്യാനുള്ള ശസ്ത്രക്രിയയുടെ തിയ്യതി തീരുമാനിച്ചതുമുതൽ വൃദ്ധയായ അമ്മയിൽ വരുന്ന പലതരം മാറ്റങ്ങളെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ടാണ് കഥ തുടങ്ങുന്നത്. മകനോടുള്ള വാത്സല്യം മുഴുവൻ പൂർവ്വാധികം ശക്തിയായി മാതാവിൽനിന്ന് പ്രവഹിക്കാൻ തുടങ്ങുന്നു. അവന്റെ ശൈശവവും ബാല്യവും ഭൂതകാലത്തിൽനിന്ന് വർത്തമാനത്തിലേക്ക് ആവാഹിക്കുന്ന അമ്മ, മധ്യവയസ്കനായ മകനിൽനിന്ന് നിർമലനായ ശിശുവിനെയാണ് പുനർനിർമ്മിക്കുന്നത്.

മകന്റെ തല തുവർത്തിക്കൊടുത്തും രാസ്നാദിപ്പൊടി തിരുമ്മിക്കൊടുത്തും മുടികൾക്കിടയിൽ വിരലോടിച്ച് തലോടിയുറക്കിയും വാർദ്ധക്യത്തിൽ തിരസ്കൃതമായിപ്പോകുമോ എന്നു ഭയക്കുന്ന മാതൃത്വത്തെ അമ്മ തിരിച്ചുപിടിക്കുകയാണ്. ഒടുവിൽ തന്റെ ഗർഭപാത്രം ഡോക്ടറായ മകൻതന്നെ നീക്കംചെയണമെന്ന് ശാഠ്യം പിടിക്കുകയാണ് അമ്മ.

ലോകത്തിലെ ഏറ്റവും സുരക്ഷിതമായ ഇടം അമ്മയുടെ ഗർഭപാത്രംതന്നെയല്ലേ? അതിന്റെ ഊഷ്മളും സാന്ദ്രവുമായ കരുതൽ വെടിഞ്ഞ് അരക്ഷിതമായ ലോകത്തിലേക്ക് വിച്ഛേദിക്കപ്പെടുന്ന മക്കൾ വീണ്ടും ഗർഭപാത്രത്തിന്റെ അഭയത്തിലേക്ക് തിരിച്ചുപോകാൻ കൊതിച്ചുകൊണ്ടേയിരിക്കും.

ഗർഭപാത്രത്തിന്റെ ഉടമയായിരിക്കെത്തന്നെ അതിന്റെ അടിമയുമായി മാറുന്നു എന്നതാണ് സ്ത്രീയുടെ ചരിത്രം. ഒരുപക്ഷേ ഗർഭപാത്രമായിരിക്കാം അവളുടെ ഏറ്റവും വലിയ പരിമിതി. എന്നാൽ ആ അവയവം തന്നെയാണ് അവളുടെ ഏറ്റവും വലിയ സാധ്യതയും. ലോകത്തിലെ ഏറ്റവും അമൂല്യമായ ആ അവയവത്തിന്റെ അധികാരിയായിരുന്നില്ലേ കൂടുതൽ മാനിക്കപ്പെടേണ്ടിയിരുന്നത്? പക്ഷേ നമ്മുടെ സാമൂഹം സ്ത്രീയെ രണ്ടാം നിരയിലേക്ക് പിന്തള്ളുകയാണ് ചെയ്തത്.

നഷ്ടപ്പെട്ട ഈ അധികാരത്തിന്റെ പുനസ്ഥാപനം കൂടിയാണ് ശസ്ത്രക്രിയയിലെ അമ്മ നിർവ്വഹിക്കുന്നത്. അമ്മയെ സംബന്ധിച്ചിടത്തോളം, താൻ കഴിഞ്ഞാൽ തന്റെ ഗർഭപാത്രത്തിന്റെ അവകാശി മകൻ മാത്രമാണ്. ആ അവകാശിയെ തന്നിലേക്ക് ചേർത്തുപിടിക്കുകയാണ് കഥയിലെ അമ്മ.

ബാല്യം കഴിയുന്നതോടെ ആൺമക്കൾ അമ്മയുടെ ചിറകുകളുടെ തണൽ വെടിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് പറക്കും.

'നാളെ നിന്നെഞാൻ കൊത്തിമാറ്റുമ്പോൾ
നീയും നിന്റെ കഥകൾ തുടങ്ങും
അന്നുകാണും അനുഭവം നിന്റെ
സന്തതികളിൽക്കൂടിപ്പകരും' എന്ന് കടമ്മനിട്ട എഴുതിയിട്ടുണ്ട്.ഇത് മനുഷ്യസഹജമാണ്.

എന്നാൽ തന്റെ ശരീരത്തിൽ ഉൾവഹിക്കുന്ന ആ അമൂല്യവസ്തുവിലേക്ക് മകനെ തിരിച്ചുപിടിക്കാൻ കഥയിലെ അമ്മ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഇത് അരക്ഷിതമായ ഒരു ലോകത്ത് സനാഥയാകുവാനുള്ള അമ്മയുടെ ശ്രമത്തിന്റെ ഭാഗമാണ്. വിട്ടുപോയതിനെ തന്നിലേക്കു ചേർത്തുപിടിച്ചുകൊണ്ട് വാർദ്ധക്യത്തിന്റെ ഏകാന്തതയെ മറികടക്കുകയാണ് അമ്മ. വിട്ടുപോയ ബാല്യത്തിലേക്ക് തിരിച്ചുനടന്ന്

തന്റെ ഓർമ്മകളെ പുനരാനയിക്കുകയാണ് മകൻ. അമ്മയും മകനും തമ്മിലുള്ള ബന്ധത്തിന്റെ പവിത്രമായ ബന്ധത്തിന്റെ വിസ്മയകരമായ മുഹൂർത്തങ്ങളാണ് ഈ കഥ മുന്നോട്ടുവെയ്ക്കുന്നത്.

ഓർമ്മ ഈ കഥയിലെ മുഖ്യ പ്രമേയമാണ്. വ്യക്തികൾക്കും സമൂഹത്തിനും സ്മൃതിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കാലമാണ് നമ്മുടേത്. ഓർമ്മകളുടെ വീണ്ടെടുപ്പ് ചരിത്രത്തിന്റെയും ജീവിതനൈർമ്മല്യങ്ങളുടെയും വീണ്ടെടുപ്പുതന്നെ. സ്വാഭാവികവും നൈസർഗ്ഗികവുമായ പരിസരങ്ങളിൽനിന്നുള്ള വിച്ഛേദമാണ് മനുഷ്യരെ യാന്ത്രികവും കൃത്രിമവുമായ സാങ്കേതികബദ്ധമായ ജീവിതത്തിലേക്ക് നയിക്കുന്നത്. മാനവികതയും ബന്ധങ്ങളും മൂല്യങ്ങളും അവിടെ വാണിഭച്ചന്തയിലെ ചരക്കുകൾ മാത്രമാകുന്നു.

അതിനാൽ അമ്മയിലേക്കു തിരിച്ചുചെല്ലുമ്പോഴാണ് നഷ്ടമായ; വിസ്മൃതമായ ചില മൂല്യങ്ങളിലേക്ക് നാം തിരിച്ചിറങ്ങുന്നത്. ഈ കഥയിലെ മകൻ ജീവിതത്തിന്റെ പ്രസന്നതയുടെ വെളിച്ചം തിരിച്ചുപിടിച്ചത് അമ്മയിലൂടെ ഭൂതകാലത്തിലേക്ക് സഞ്ചരിച്ചപ്പോഴാണ്. ഓർമ്മകളിലൂടെ പുറകോട്ട് സഞ്ചരിച്ച് മുത്തച്ഛന്റെ പെരുവിരൽ വരെ അയാൾ കടന്നുപിടിക്കുന്നു. വെല്ലാരിച്ചിറയിൽ നീന്തൽ പഠിപ്പിച്ച വീട്ടുകാര്യസ്ഥന്റെ എണ്ണമയമുള്ള ശരീരത്തിൽ തൊടുന്നു. കണക്ക് പഠിപ്പിച്ച നാണുമാസ്റ്ററുടെ കൈത്തഴമ്പിന്റെ ചൂട് ചെവികളിൽ പുകഞ്ഞറിയുന്നു. പഴനിയിൽച്ചെന്ന് തലമൊട്ടയടിച്ചതിന്റെ കണ്ണീർമധുരം ഓർമ്മയിൽ നുണയുന്നു. അങ്ങനെ വർത്തമാനത്തിന്റെ ഉഷ്ണസഞ്ചാരത്തിൽനിന്നും ഭൂതകാലത്തിന്റെ സാന്ദ്രസൗഖ്യത്തിലേക്ക് അയാൾ മടങ്ങിപ്പോകുന്നു.

യഥാർത്ഥത്തിൽ ഇതൊരു പുനർജ്ജനി തന്നെ. ഒരു ജന്മത്തിലെ രണ്ടാം ജന്മം. നിങ്ങൾ അമ്മയിലേക്കു മടങ്ങുമ്പോൾ പെറ്റുവീണ കുഞ്ഞിനെപ്പോലെ പല ജന്മങ്ങൾ ജനിക്കുന്നു.

അമ്മയും തന്റെ ഓർമ്മകളിലൂടെ പുനർജ്ജനി നേടുകയാണ്. ശരീരശാസ്ത്രപരമായ ഒരു ക്രിയ എന്നതിലുപരി വൈകാരികമായ മുഹൂർത്തമായി വികസിക്കുകയാണ് അമ്മയുടെ ഓപ്പറേഷൻ.

മനുഷ്യന്റെ ഏറ്റവും സ്വച്ഛവും സുരക്ഷിതവുമായ ജീവിതം ഗർഭപാത്രത്തിനകത്താണല്ലോ. സ്ത്രീവർഗ്ഗത്തിന്റെ ഏറ്റവും വലിയ അഭിമാനം ഗർഭപാത്രത്തിന്റെ ഉടമയെന്നതാണ്. അമ്മയുടെയും മകന്റെയും ഭൂതകാലാഭിമാനത്തെ മകൻതന്നെ ശസ്ത്രക്രിയ ചെയ്യണമെന്ന അമ്മയുടെ ശാഠ്യം ഈ കഥയിലെ വിസ്മയകരമായ ഒരു തിരിവാണ്. അമ്മയെ അമ്പലനടയിലുപേക്ഷിക്കുന്നവരും നായക്കൂട്ടിൽ ബന്ധിതരാക്കുന്നവരും ഏതു മൂല്യത്തെയാണ് മുറിച്ചുമാറ്റുന്നത് എന്ന പാഠമാണ് ശസ്ത്രക്രിയ എന്ന കഥ പകർന്നുതരുന്നത്.